# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3203 — 13.03.2017 ലെ മറുപടിക്ക്

## കെട്ടിട നിർമ്മാണത്തിന് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നമ്പർ 994733/ആർ.എ 1/2016/തസ്വഭവ തീയതി 22.12.2016 ഉത്തരവു പ്രകാരം, 2008 ന് മുമ്പ്, നികത്തപ്പെട്ടുകയോ, നികത്തുകയോ റവന്യൂ രേഖകളിൽ (ബിറ്റിആർ-ൽ) നിലം/നഞ്ച/വെറ്റ് ലാന്റ്/ നെൽവയൽ എന്നിങ്ങനെ രേഖപ്പെടുത്തിയ ഭൂമികളിൽ കോമേഴ്സ്യൽ/വാസഗൃഹ കെട്ടിട നിർമ്മാണം നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; ഇതിന് ശേഷം പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (എ) ഉണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, അഗ്രിക്കൾച്ചറൽ ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരുടെ സംഘം പരിശോധന നടത്തി നിർദ്ദിഷ്ട ഭൂമി 12.08.2008 ന് മുമ്പ് നികത്തപ്പെട്ടതാണെന്ന് ശിപാർശ നൽകണമെന്ന വ്യവസ്ഥക്ക വിധേയമായാണ് അനുമതി നൽകുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് ഇതിനായി പുതിയ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) എങ്കിൽ ഇതുപോലെയുള്ള എത്ര ഏക്കർ വരെയുള്ള സ്ഥലത്തിനാണ് കോമേഴ്സ്യൽ കെട്ടിടം പണിയുവാൻ അനുമതി നൽകുന്നത്; വിശദമാക്കുമോ; ഇതിന് എന്തെങ്കിലും മാനദണ്ഡം വച്ചിട്ടുണ്ടോ; | (ബി) ഭൂവിസ്തൃതി സംബന്ധിച്ച് ടി സർക്കുലറിൽ പരാമർശിച്ചിട്ടില്ല. |
| (സി) ഡാറ്റാ ബാങ്ക്, കരട് ഡാറ്റാ ബാങ്ക് ഇതിന്റെ കസ്റ്റോഡിയൻ ആരാണ്; | (സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതിയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കുന്ന ഡാറ്റാ ബാങ്ക് തദ്ദേശസ്വയംഭരണ സെക്രട്ടറിയാണ് ഗസറ്റ് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുന്നത്. ഇപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്കിന്റെ പകർപ്പ് കൃഷി, വില്ലേജ്, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ എന്നിവരുടെ പക്കൽ ലഭ്യമാണ്. |

(തുടർച്ച.......2)

| | |
|---|---|
| (ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങളോ, മറ്റ് നിയമങ്ങളോ ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിർമ്മാണം പൂർത്തിയാക്കിയ ശേഷം കെട്ടിട നമ്പർ ലഭിക്കാതെ ബുദ്ധിമുട്ടുന്ന ഒരു നിശ്ചിത സ്ക്വയർ ഫീറ്റ് (ഉദാ.4000 സ്ക്വയർ ഫീറ്റ് വരെ) വരെയുള്ള വ്യക്തിഗത/കമ്പനി മുതലായവർ പണിത പണിമുടങ്ങിക്കിടക്കുന്ന കോമേഴ്സ്യൽ കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ കൊടുക്കുവാൻ നടപടിയുണ്ടോ; ഇല്ലെങ്കിൽ ഒരു നിശ്ചിത ഫീസ് ചുമത്തി ഇവ ക്രമവൽക്കരിച്ച് കൊടുക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇല്ല; പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ